Chief Minister [Sri. T. K. Narayana Pillai:] Yes. Now he is disowning that statement.

Sri. N. Daniel Jose: Who is the Member of Parliament who has given that statement.

Sri. T. K. Narayana Pillai : I think it is Mr. Velayudhan.

Sri. A. K. George : Has he publicly disowned it ?

Sri. T. K. Narayana Pillai : I do not think that he has publicly disowned it. He has disowned it in private.

ശ്രീ. പാമ്പ തളിയത്തു്: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതിനു് നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അങ്ങേഹമാണു് ചെയ്യേണ്ടതു്.

സാഹിബു് ബഹദൂർ ടി. എ. അബ്ദുള്ള: പ്രധാനമന്ത്രിയോടു് പറഞ്ഞതാണോ അതോ ഗവൺമെൻറിലേയ്ക്കു് എഴുതി അയച്ചതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രധാനമന്ത്രിക്കുടി ഉള്ള അവസരത്തിൽ പറഞ്ഞു.

Sri. P. Balakrishnan Tampi : Sir, is it going to make any appreciable damage to this Government ?

Sri. T. K.Narayana Pillai : No.

ശ്രീ. പി. കെ. ഡീവർ: രേഖാമൂലമായി എഴുതി അറിയിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. പി. കെ. ഡീവർ: അങ്ങനെയാണെങ്കിൽ ഇനിയും എന്തെങ്കിലും പറഞ്ഞിട്ടു് പറഞ്ഞില്ലെന്നു പറയാമല്ലോ.

ശ്രീ. ടി. കെ. നാരായണപിള്ള: ആകാം.

കടലോരനിവാസികളായ കുട്ടികൾക്കു് പാൽ വിതരണം

*നമ്പർ ൪. (൫൪) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കടലോരനിവാസികളായ മത്സ്യത്തൊഴിലാളികളുടെ ദരിദ്രകുഞ്ഞുങ്ങൾക്കു് പാൽ വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവൺമെണ്ടു് ഇതുവരെ വല്ലതും ചെയ്തുകയുണ്ടായിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ടു്. സംസ്ഥാനത്തിൽ ആകെ ൩൩ പാൽവിതരണകേന്ദ്രങ്ങൾ ഉള്ളതിൽ മിക്കതും കടലോരപ്രദേശങ്ങളിലാണു് സ്ഥാപിച്ചിരിക്കുന്നതു്. ഈ കേന്ദ്രങ്ങൾവഴി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കു് പാൽ കിട്ടുന്നതാണു്. ൫൫ കേന്ദ്രങ്ങൾകൂടി ഈ ആഴ്ചയിൽതന്നെ സ്ഥാപിക്കുവാൻ ഇടപാടുചെയ്തിട്ടുണ്ടു്. താമസിയാതെ ൧൦൦ കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുവാൻ ഇടപാടു് ചെയ്തിട്ടുണ്ടു്.

Written Answers

വഞ്ചി പൂവർ ഫണ്ടു്

*നമ്പർ ൩. (൫൩) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly

വഞ്ചി പൂവർ ഫണ്ടിന്റെ മൂലധനമെത്രയാണു്; വർഷംപ്രതി എത്ര സംഖ്യ അതിൽ ചിലവുവയ്ക്കുന്നുണ്ടു്; ഏതെല്ലാം വിഷയങ്ങൾക്കു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

രൂപാ ഫ,ഫ ന്യ,ര ഉ ഫ. വർഷംപ്രതി ഏകദേശം രൂപാ വ0,000 ചിലവുണ്ടു്. ഈ ചിലവു മൂലധനത്തിന്റെ പലിശയിൽനിന്നും മറ്റു സഹായധനത്തിൽനിന്നും തുണ് ചിലവാക്കുന്നതു്. പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന പാവപ്പെട്ട കുട്ടികളുടെ ഭക്ഷണത്തിനായിട്ടും, ശ്രീചിത്തിര ഹോം, ഉള്ളൂർ ധർമ്മശാല ഇവയിൽ താമസിക്കുന്ന അഗതികളുടെ ആഹാരത്തിനായിട്ടും ചിലവു ചെയ്യുന്നു.

ഭവനനിർമ്മാണം

*ന. ന. ഉ. (ഉ വ) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മത്സ്യത്തൊഴിലാളികളായ കടൽത്തീരനിവാസികൾക്കായിമാത്രം എത്ര വീടുകൾ ഇതേവരെ പണിതുകൊടുത്തിട്ടുണ്ടു്;

(ബി) കൊച്ചി മുതൽ ചേർത്തലവരെയുള്ള കടൽത്തീരങ്ങളിൽ എത്ര ഭവനങ്ങൾ പണിതു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഫ ഉ വീടുകൾ.

(ബി) കൊച്ചി മുതൽ ചേർത്തലവരെയുള്ള കടൽത്തീരങ്ങളിൽ വീടുകൾ കെട്ടിയിട്ടില്ല. എന്നാൽ തേവരയിൽ ഫ ര വീടുകൾ മത്സ്യത്തൊഴിലാളികൾക്കു് കൊടുക്കുവാനായിട്ടു കെട്ടിയിട്ടുണ്ടു്.

ഭവനനിർമ്മാണപദ്ധതി

*ന. ന. വ. (ഉ ന) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ഭവനനിർമ്മാണപദ്ധതിക്കു് കൊള്ളിച്ചു സംഖ്യയിൽ എത്രാനംഭാഗം അടുത്ത ബഡ്ജറ്റിലേക്കു് നീക്കിവയ്ക്കാൻ കാരണമെന്താണു്?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഫൻ ര ൻ— ഉ 0-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണപദ്ധതിക്കുവേണ്ടി കൊള്ളിച്ചു തുകയിൽ ചിലവായതു കഴിച്ചു ബാക്കിയുള്ള തുകയെ ഫൻ ഉ 0— ഉഫ-ലെബഡ്ജറ്റിലേക്കു് നീക്കിവച്ചിട്ടുണ്ടു്. അതിനുള്ള കാരണം ഇപ്രകാരമാണു്. ഈ പദ്ധതിയനുസരിച്ചു ഫൻ ര ൻ— ഉ 0-ൽ കെട്ടിത്തീർക്കേണ്ട വീടുകളുടെ പണി ആരംഭിച്ചതു് ഫൻ ഉ 0 ഫെബ്രുവരിമാസം മദ്ധ്യത്തിൽ മാത്രമായിരുന്നു. വീടുകൾ പണിയിക്കുന്ന ചുമതലയേറ്റിട്ടുള്ള സ്ഥാപനങ്ങൾക്കു് അതു സംബന്ധിച്ചുള്ള തുകകൾ നൽകുന്നതു് ജോലിയുടെ പുരോഗതിയെ ആശ്രയിച്ചായിരിക്കും. ആ സ്ഥിതിക്കു പൂർത്തിയായിട്ടുള്ള വീടുകൾക്കായും, പൂർത്തിയാക്കാനുള്ള വീടുകളിൽ ചെയ്തുതീർത്തിട്ടുള്ള ജോലികൾക്കായും ഫൻ ര ൻ—ഉ 0-ലെ ബഡ്ജറ്റു സംഖ്യയിൽനിന്നും കൊടുത്തുതീർക്കേണ്ട തുകകൾ ഫൻ ഉ 0 മാർച്ചു മാസം കഴിഞ്ഞതിനു് ശേഷം മാത്രമെ കൊടുക്കുവാൻ സാധിച്ചുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly